**പതിനാലാം കേരള നിയമസഭ**

**പത്തൊൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ T1194** **05-03-2020 ൽ മറുപടിക്ക്**

**സർക്കാർ ഉടമസ്ഥതയിലുള്ള ഭൂമി കണ്ടെത്താൻ നടപടി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.റോഷി അഗസ്റ്റിൻ<br>ഡോ.എൻ. ജയരാജ് | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) വിവിധ സർക്കാർ വകുപ്പുകളുടെ ഉടമസ്ഥതയിൽ ഉപയോഗമില്ലാതെ കിടക്കുന്ന ഭൂമി കണ്ടെത്താൻ നടപടി സ്വീകരിക്കുമോ; | (എ) 08.05.2019 തീയതി സർക്കാർ ഉത്തരവ് (സാധാ) നമ്പർ 1077/2019/റവന്യൂ പ്രകാരം സംസ്ഥാനത്ത് ഉപയോഗിക്കാതെ കിടക്കുന്ന സർക്കാർ ഭൂമി സംബന്ധിച്ച വിവരം ക്രോഡീകരിക്കുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ വിവിധ സർക്കാർ വകുപ്പുകളുടെ ഉടമസ്ഥതയിൽ ഉപയോഗിക്കാതെ കിടക്കുന്ന ഭൂമിയുടെ വിവരശേഖരണം നടന്നുവരുന്നതാണ്. |
| (ബി) സ്ഥലം ലഭ്യമല്ലാത്തതിനാൽ വിപുലീകരണത്തിന് ബുദ്ധിമുട്ട് നേരിടുന്ന വകുപ്പുകൾക്കായി പ്രസ്തുത ഭൂമി പുനർവിന്യസിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്. |
| (സി) പോലീസ് വകുപ്പിലടക്കം ഏക്കർ കണക്കിന് ഭൂമി ഉപയോഗിക്കാതെ കിടക്കുന്നത് കണ്ടെത്താനുള്ള സർവ്വേ നടത്തുന്നതിന് സമഗ്ര പാക്കേജ് അനുവദിക്കുമോ? | (സി) ഈ വിഷയം ഇപ്പോൾ പരിഗണനയിൽ ഇല്ല. |

**സെക്ഷൻ ഓഫീസർ**